# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 399 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നടപ്പാക്കിയതുമൂലം ഉണ്ടായ ഗുണദോഷങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതുമൂലം ഉണ്ടായ ഗുണദോഷങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ), (ബി) & (സി) | ജി.എസ്.ടി നടപ്പാക്കിയതു മൂലം നികുതിയ്ക്കു മേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. ചരക്കു സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. അമിത ലാഭം ഈടാക്കുന്നതിന് പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയതുമൂലം സാമ്പത്തിക സ്ഥിതിയിൽ വന്നിട്ടുള്ള ദോഷകരമായ സംഗതികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം.<br>ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. അതിനാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**